**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2318 — 01.04.2013-ൽ മറുപടിയ്ക്ക്

**അട്ടപ്പാടി ആദിവാസി മേഖലയിൽ സിക്കിൾസെൽ അനീമിയ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) അട്ടപ്പാടി ആദിവാസി മേഖലയിൽ സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) കണ്ടുവരുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ രോഗം പിടിപെട്ട എത്ര പേർക്ക് ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്; രോഗനിർണ്ണയം നടത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അട്ടപ്പാടി ആദിവാസി മേഖലയിൽ രോഗ നിർണ്ണയം നടത്തിയതിൽ 57 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 8 പേർ നിരീക്ഷണത്തിലാണ്. ഇവരെ രജിസ്റ്റർ ചെയ്ത് രോഗത്തിന്റെ കാഠിന്യം കുറയ്ക്കാൻ ആവശ്യമായ ചികിത്സ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സിക്കിൾസെൽ ഡിസീസ് പ്രോജക്ട് മുഖേന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) രോഗം തടയുന്നതിൽ സർക്കാർ സംവിധാനം പരാജയമാണെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | (സി) &(ഡി) ഇത് ഒരു ജനിതക രോഗമാകയാൽ പ്രതിരോധ മരുന്ന് ലഭ്യമല്ല. അട്ടപ്പാടി മേഖലയിൽ പുതൂർ, കോട്ടത്തറ, അഗളി എന്നീ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന കോഴിക്കോട് മെഡിക്കൽ കോളേജ് രോഗനിർണ്ണയം നടത്തി, രോഗത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിലേയ്ക്കുള്ള ഫലപ്രദ മായചികിത്സ നൽകുന്നുണ്ട്. |
| (ഡി) രോഗലക്ഷണങ്ങളും , രോഗം പിടിപെടാനിടയാകുന്ന സാഹചര്യവും ചികിത്സാ സംവിധാനത്തിലുള്ള അപര്യാപ്തതയും മൂലം രോഗം വ്യാപിക്കുന്നതായ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ